# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2171      20.06.2012-ൽ മറുപടിയ്ക്ക്

### തിരുവനന്തപുരം എസ്. എ. റ്റി. യിലെ അണുബാധ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. എ. ബേബി :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. ആർ. രാജേഷ് : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യ - കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം എസ്.എ.റ്റി. യിലെ അണുബാധ സംബന്ധിച്ച് ആരോഗ്യവകുപ്പ് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ; | (ബി) | എസ്. എ. റ്റി. ആശുപത്രിയിൽ 2011 ഏപ്രിൽ മുതൽ 2012 ഏപ്രിൽ വരെയുള്ള കാലയളവിൽ 10480 പ്രസവങ്ങളാണ് നടന്നത്. ഇതിൽ, ഐ. ബി. എൻ. ൽ 2,667 ശിശുക്കളെ പലവിധ രോഗങ്ങളാൽ പ്രവേശിപ്പിച്ചു. പുറമെ നിന്നുവരുന്ന കുഞ്ഞുങ്ങളിൽ 1,681 ശിശുക്കളെയാണ് ഒ. ബി. എൻ. ൽ പ്രവേശിപ്പിച്ചത്. ഇതിൽ ഐ. ബി. എൻ. ൽ പ്രവേശിപ്പിക്കപ്പെട്ട 217 കുട്ടികളും ഒ. ബി. എൻ. ൽ പ്രവേശിപ്പിക്കപ്പെട്ട 168 കുട്ടികളും ഉൾപ്പെടെ 385 കുട്ടികൾ മരണപ്പെട്ടു. ഐ.ബി.എൻ.ൽ അണുബാധയുള്ള 88 കുഞ്ഞുങ്ങളും. ഒ.ബി.എൻ.ൽ അണുബാധയുള്ള 104 കുഞ്ഞുങ്ങളുമാണ് ഉണ്ടായിരുന്നത്. ഐ. ബി. എൻ. ൽ പ്രവേശിപ്പിക്കപ്പെട്ടതിൽ അഞ്ച് കുഞ്ഞുങ്ങളും, ഒ. ബി. എൻ. ൽ പ്രവേശിപ്പിക്കപ്പെട്ടതിൽ ഒമ്പത് കുഞ്ഞുങ്ങളുമാണ് അണുബാധമൂലം മരണപ്പെട്ടത്. ബാക്കിയുള്ള കുഞ്ഞുങ്ങളെ രക്ഷിക്കുവാൻ സാധിച്ചു.<br>എസ്. എ. റ്റി. ആശുപത്രിയിൽ പ്രസവത്തിനായെത്തുന്നവരിൽ നല്ലൊരു ശതമാനം മറ്റ് ആശുപത്രികളിൽ നിന്ന് റഫർ ചെയ്തു വരുന്നവരാണ്. പലവിധ അസുഖങ്ങളോടു കൂടിയാണ് ഇവർ എത്തുന്നത്. ഇപ്രകാരം എത്തുന്നവരിൽ നിന്നു മാത്രമേ അണുബാധ ഉണ്ടാകുവാൻ സാദ്ധ്യതയുള്ളൂ. അതിനാൽ |

| | | |
|---|---|---|
| | | ഇവിടത്തെ ഇൻബോൺ/ ഔട്ട്ബോൺ നഴ്സറികളിലെ കുട്ടികളിൽ അണുബാധയുടെ അളവ് കൂടുതലായി കാണുന്നത് സ്വാഭാവികമായും പുറമേ നിന്നെത്തുന്ന രോഗികളിൽ നിന്നും പകരുന്നതുകൊണ്ടാണ്.<br>എസ്. എ. റ്റി. ആശുപത്രിയിൽ നിന്നും നേരിട്ട് ബാധിച്ച അണുബാധയാണോ അല്ലയോ എന്നറിയാൻ പ്രസ്തുത ആശുപത്രിയിലെ അണുബാധ നിയന്ത്രണത്തിനുള്ള പ്രവർത്തനങ്ങൾ കുറ്റമറ്റതാണോ എന്ന് ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. എസ്. എ. റ്റി. ആശുപത്രിയിലെ വിവിധ സ്ഥലങ്ങളിൽ നിന്നും രണ്ട് സെറ്റ് സ്വാബുകൾ എടുത്ത് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഒന്ന് മെഡിക്കൽ കോളേജിലും, മറ്റൊന്ന് പുറമേയുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടിലും. പൂർണ്ണമായ റിപ്പോർട്ട് ലഭിക്കാൻ രണ്ട് ആഴ്ചയെടുക്കും. ഏറോബ് കൾച്ചർ റിപ്പോർട്ടിൽ നിന്നും മൈക്രോബുകളുടെ സാന്നിധ്യം നിസ്സാരമായ അളവുകളിൽ മാത്രമേ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ. എസ്. എ. റ്റി. ആശുപത്രിയിൽ നിന്നും വർദ്ധിച്ച തോതിൽ അണുബാധയേൽക്കാൻ സാധ്യതയില്ല എന്ന് ഇതിൽ നിന്നും മനസ്സിലാക്കിയിട്ടുണ്ട്.<br>ഇതോടനുബന്ധിച്ചുതന്നെ എസ്. എ. റ്റി. യിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതും, നിലവിലുള്ള ജീവനക്കാരുടെ ജോലിഭാരവും വിശദമായി പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനയിൽ ഈ ആശുപത്രിയിൽ ആവശ്യത്തിന് നഴ്സുമാരില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. 50 വർഷത്തിലേറെ പഴക്കമുള്ള എസ്. എ. റ്റി. ആശുപത്രി കെട്ടിടം നവീകരിക്കുന്നതിനും പ്രധാന കെട്ടിടത്തിലും അനുബന്ധ കെട്ടിടങ്ങളിലും കൂടുതൽ വാർഡുകളും തിയറ്ററുകളും സജ്ജമാക്കുന്നതിനും ഒരു കോടിയോളം രൂപ വേണ്ടിവരും എന്നും അറിവായിട്ടുണ്ട്. |
| (സി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ; | (സി) | എസ്. എ. റ്റി. ആശുപത്രിയിൽ കൂടുതൽ വാർഡുകളും തിയറ്ററുകളും സജ്ജമാക്കുന്നതിന് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയോട് ഒരു കോടി രൂപ അസറ്റ് മെയിന്റനൻസ് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ